**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3361 19.10.2016 ന് മറുപടിയ്ക്ക്

**കോങ്ങാട് മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലെ കാട്ടാന ശല്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കോങ്ങാട് മണ്ഡലത്തിലെ പാമ്പൻതോട്, പാലക്കയം, കല്ലടിക്കോട്, മൂന്നേക്കർ തുടങ്ങിയ സ്ഥലങ്ങളിലെ കാട്ടാന ശല്യം രൂക്ഷമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) പ്രസ്തുത ഭാഗങ്ങളിൽ 6 ആനകൾ ഉൾപ്പെടുന്ന ഒരു കൂട്ടം കൃഷിയിടങ്ങളിൽ ഇറങ്ങാറുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇവയെ കാട്ടിലേക്ക് കയറ്റി വിടുന്നതിന് മണ്ണാർക്കാട് റാപ്പിഡ് റെസ്പോൺസ് ടീമും, മണ്ണാർക്കാട്, പാലക്കയം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകളും യഥാസമയം ശ്രദ്ധിച്ചു വരുന്നുണ്ട്. 09.10.2016 ന് ശേഷം ഈ ആനക്കൂട്ടത്തെ ഈ ഭാഗങ്ങളിൽ കണ്ടതായി റിപ്പോർട്ടുകളില്ല. |
| (ബി) ഇവിടെ സോളാർ ഫെൻസിങ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ് എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ആനമൂളി മുതൽ പാമ്പൻതോട് കോളനി വരെ 6 കി.മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് നിർമ്മാണ ജോലികൾ നടന്നു വരുന്നു. ഘട്ടം ഘട്ടമായി ബാക്കി ഭാഗങ്ങളിലും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്, റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഈ ഭാഗത്ത് ലഭ്യമാണ്. |

(സി) ഇവിടങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നാട്ടിലിറങ്ങുന്ന ആനകളെ കാട്ടിലേക്ക് കയറ്റി വിടുന്നതിന് ആവശ്യമുള്ള സാധന സാമഗ്രികളും ഉപകരണങ്ങളും റാപ്പിഡ് റെസ്പോൺസ് ടീമിന് നൽകുന്നുണ്ട്.

(ഡി) പൊതുവിൽ ഇത്തരം കാട്ടാന ശല്യത്തിൽ നിന്ന് സാമാന്യജനത്തെ സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്; വനം വകുപ്പ് ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദവിവരം നൽകുമോ?

(ഡി) ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള പ്രതിരോധ നടപടികളാണ് സാമാന്യജനത്തെ സുരക്ഷിതമാക്കുന്നതിന് സ്വീകരിക്കാവുന്ന നടപടി. ആന നിരന്തരം ഇറങ്ങുന്ന ജനവാസ മേഖലകളിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ച് പരിപാലിച്ചു വരുന്നു. കൃഷിയിടത്തിലേയ്ക്ക് ഇറങ്ങുന്ന ആനകളെ കാട്ടിലേക്ക് തുരത്തുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. കൂടാതെ വന്യമൃഗശല്യം സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

Vatsala. S.D

സെക്ഷൻ ഓഫീസർ